(സി) നാഷണൽ ഇൻഫർമാറ്റിക് സെന്റർ കേരള, കേരളത്തിലെ വിവിധ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ ഈ പദ്ധതിയുമായി സഹകരിക്കുന്നു.

(ഡി) കർഷകർക്കുള്ള ആനുകൂല്യം അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതിനായി ബ്ലോക്ക്തല അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ബാങ്ക് അക്കൗണ്ട് ഉടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നാഷണൽ ഇൻഫർമാറ്റിക് സെന്റർ, വിവിധ ബാങ്കുകളുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നു.

കല്ല്യാശ്ശേരി മണ്ഡലത്തിൽ കാർഷിക പദ്ധതികൾ

179 (4219) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ല്യാശ്ശേരി മണ്ഡലത്തെ സമ്പൂർണ്ണ ജൈവകൃഷി മണ്ഡലമാക്കി മാറ്റുന്നതിന് എന്തൊക്കെ പദ്ധതികളാണ് കൃഷിവകുപ്പ് മുഖേന നടപ്പിലാക്കുന്നത് ; വിശദാംശം നൽകാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

നെൽ വയലുകളുടെ വിസ്തീർണ്ണവും നെല്ലിന്റെ ഉൽപ്പാദനവും

180 (4220) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കഴിഞ്ഞ 5 വർഷങ്ങളിലെ നെൽവയലുകളുടെ വിസ്തീർണ്ണവും നെല്ലിന്റെ ഉല്പാദനവും ഓരോ ഹെക്ടറിൽനിന്നുള്ള ഉല്പാദനക്ഷമതയും എത്ര വീതമെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയതിനുശേഷം നെൽവയൽ വിസ്തൃതി ചുരുങ്ങിയതായി കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ 5 വർഷങ്ങളിലായി സംസ്ഥാനത്ത് ആവശ്യമായിവന്ന അരിയുടെ/ നെല്ലിന്റെ അളവ് എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

വർഷം	വിസ്തീർണ്ണം (ഹെക്ടർ)	ഉല്പാദനം (മെ.ടൺ)	ഉല്പാദനക്ഷമത (കി./ഹെ)
2009-10	234013	598339	2557
2010-11	213187	522738	2452
2011-12	208161	568990	2733
2012-13	197277	508299	2577
2013-14	199611	564325	2827

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന 12-8-2008-ന് ശേഷം ഭേദഗതികളൊന്നും വരുത്തിയിട്ടില്ല.

(സി)

സാമ്പത്തിക വർഷം	സംഭരിച്ച നെല്ലിന്റെ അളവ് (ടെണ്ണിൽ)	വിതരണംചെയ്ത അരിയുടെ അളവ് (ടണ്ണിൽ)
2010-11	297267	204621
2011-12	528138	293500
2012-13	420721	356726
2013-14	507856	279380
2014-15	534222	378561

LIBRARY ARCHIVES Kerala Legislative Assembly